ഉത്തരം

(എ) നാല് മാസങ്ങൾക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പരിഗണനയിലില്ല.

പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻറ്

കെട്ടിടം നന്നാക്കാൻ നടപടി

112 [2249] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻറ് കെട്ടിടം അറകുറപ്പണികൾ നടത്താത്തതിനാൽ ജീർണ്ണാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദ വിവരം അറിയിക്കാമോ;

(സി) വൈദ്യുതി, കുടിവെള്ള വിതരണം, സാനിറേറി സംവിധാനങ്ങൾ എന്നിവ പുനരുദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെട്ടിടത്തിന്റെ പെയിൻറിംഗ് ജോലികൾ ഉടൻ നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. തുക അനുവദിക്കുന്നതിനുവേണ്ടി എസ്റ്റിമേറ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കെട്ടിടത്തിന്റെ അറകുറപ്പണികൾ തീരുന്ന മുറയ്ക്ക് പെയിൻറിംഗ് ജോലികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

തലശ്ശേരി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ

113 [2250] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യമുന്നയിച്ചുള്ള എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിൻമേൽ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ബസ് സ്റ്റേഷൻ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 29-1-2005-ന് കെ. എസ്. ആർ. ടി. സി. യുടെ ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥൻമാരും ബസ് സ്റ്റേഷൻ നിർമ്മിക്കുന്ന നിർദ്ദിഷ്ട സ്ഥലം പരിശോധിക്കുകയും തലശ്ശേരി മുനിസിപ്പൽ ചെയർമാനേയും മറ്റ് അധികൃതരേയും കൂടുതലായി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ഉടൻതന്നെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്നും സ്ഥലം കെ. എസ്. ആർ. ടി. സി. ക്ക് കൈമാറാമെന്നും മുനിസിപ്പാലിറ്റി അധികൃതർ കോർപ്പറേഷന് ഉറപ്പ് നൽകിയിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സ്ഥലം കെ. എസ്. ആർ. ടി. സി ക്ക് കൈമാറുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

പിറവത്തെ കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ പ്രവർത്തനങ്ങൾ

114 [2251] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്തെ കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) ഡിപ്പോ നിർമ്മാണത്തിന് ആവശ്യമുള്ള സ്ഥലവും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പണവും ലഭ്യമായിട്ടുണ്ടോ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) എന്നത്തേയ്ക്ക് ഇതിന്റെ പണികൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു.

(സി, ഡി) ബസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന വികസനങ്ങൾ പൂർത്തിയാക്കിയതിന് ശേഷമേ സ്ഥലം കെ. എസ്. ആർ. ടി. സി. ക്ക് സ്വീകരിക്കാൻ കഴിയുകയുള്ളൂ. എം. എൽ. എ. ഫണ്ടിൽ നിന്നും ഇതിനായി 76 ലക്ഷം രൂപ (എഴുപത്തിയാറ് ലക്ഷം രൂപ) എറണാകുളം ജില്ലാ കലക്ടറെ ഏൽപ്പിച്ചിട്ടുള്ളതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(ഇ) ഉദ്ദേശം 18 മാസങ്ങൾക്കകം ഇതിന്റെ പണികൾ പൂർത്തിയാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

പുതിയ റൂട്ടുകൾ അനുവദിക്കാനും പുതിയ ബസ്സുകൾ നിരത്തിലിറക്കാനും നടപടി

115 [2252] ശ്രീ. കെ. ബി. ഗണേഷ്കുമാർ:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ആർ. ബാലകൃഷ്ണപിള്ള:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly